നവ കേരളം കർമപദ്ധതി

# നവകേരളം വാർത്ത

2026 ജനുവരി വാല്യം 1

ന്യൂസ്‌ലെറ്റർ

ഓൺലൈൻ

60

## 'വൈബ് 4 വെൽനസ്സ്' ക്യാമ്പയിൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

കേരളത്തിന്റെ ആരോഗ്യ മേഖലയിൽ മികച്ച മാറ്റങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിൽ രാജ്യാന്തര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന അനവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. എല്ലാവർക്കും ആരോഗ്യമുള്ള ജീവിതം ഉറപ്പുവരുത്തുന്നതിൽ കേരളം ഇന്ന് രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച 'ആരോഗ്യം ആനന്ദം - വൈബ് 4 വെൽനസ്സ്' ജനകീയ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം സെൻട്രൽ സ്റ്റേഡിയത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

പുതുവർഷ ദിനത്തിൽ ആരംഭിച്ച 'ആരോഗ്യം ആനന്ദം - വൈബ് 4 വെൽനസ്സ്' ക്യാമ്പയിനിലൂടെ ജീവിതശൈലീ രോഗങ്ങൾക്കെതിരെ ജനപങ്കാളിത്തത്തോടെയുള്ള വലിയൊരു ഇടപെടലാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. നവകേരളം കർമപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ നിലവിൽ നടത്തിവരുന്ന ആരോഗ്യ പ്രവർത്തനങ്ങളുടെ തുടർച്ചയാണിത്. ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, കൃത്യമായ ഉറക്കം, ആരോഗ്യ പരിപാലനം എന്നീ നാല് പ്രധാന കാര്യങ്ങളിൽ ഊന്നിയാണ് ക്യാമ്പയിൻ നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും വ്യായാമ പരിശീലനം, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രധാന ആശുപത്രികളിലും പ്രത്യേക ആരോഗ്യ പരിശോധനാ ക്യാമ്പുകൾ നടത്തും.




ആർദ്രം മിഷനിലൂടെ കേരളത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്താൻ സർക്കാരിന് കഴിഞ്ഞു. അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചെലവേറിയ ചികിത്സകൾ സാധാരണക്കാർക്ക് സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. വൈബ് 4 വെൽനസ്സ് ക്യാമ്പയിൻ വെബ്സൈറ്റും, കായിക വകുപ്പ് സെൻട്രൽ സ്റ്റേഡിയത്തിൽ തയാറാക്കിയ ഓപ്പൺ ജിമ്മിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു.

## മെൻസ്ട്രുവൽ കപ്പുകളുടെയും ഇൻസിനറേറ്ററുകളുടെയും സംസ്ഥാനതല വിതരണ ഉദ്ഘാടനം മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മെൻസ്ട്രുവൽ കപ്പും ഇൻസിനറേറ്ററും വിതരണംചെയ്യുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം മുട്ടറ സർക്കാർ ഹയർ സെക്കൻഡറി ആൻഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ധനകാര്യ വകുപ്പുമന്ത്രി കെ എൻ ബാലഗോപാൽ നിർവഹിച്ചു. സാനിറ്ററി നാപ്കിനുകൾ വഴിയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമായാണ് മെൻസ്ട്രുവൽ കപ്പെന്ന ആശയം നടപ്പാക്കുന്നത്. അഞ്ചു കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.

ആരോഗ്യത്തോടൊപ്പം പരിസ്ഥിതി സൗഹൃദവുമാണ് മെൻസ്ട്രുവൽ കപ്പെന്ന് മന്ത്രി പറഞ്ഞു. സ്കൂൾ വിദ്യാർത്ഥികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും കപ്പുകൾ വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ. ലതാദേവി അധ്യക്ഷയായി.



നവകേരളം കർമപദ്ധതി-2 സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പദ്ധതി വിശദീകരണവും ജില്ലാ കലക്ടർ എൻ ദേവിദാസ് മുഖ്യപ്രഭാഷണവും നടത്തി. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് പ്രൊജക്റ്റ് ഓഫീസർ ഡോ. രസ്ന മെൻസ്ട്രുവൽകപ്പ് പദ്ധതി വിശദീകരിച്ചു.

ആർത്തവശുചിത്വ ഉത്പ്പന്നങ്ങളുടെ പ്രചാരണവും ആർത്തവ ആരോഗ്യവും ലക്ഷ്യമാക്കിയാണ് കോളേജുകൾ, സ്കൂളുകൾ കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ കപ്പുകളും ഇൻസിനറേറ്ററുകളും വിതരണം ചെയ്യുന്നത്. പദ്ധതിയുടെ ആദ്യഘട്ടമായി നാപ്കിനുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്ന 322 ഇൻസിനറേറ്ററുകളും 1,68,955 മെൻസ്ട്രുവൽ കപ്പുകളുമാണ് വിതരണം ചെയ്യുന്നത്. ഒരു ജില്ലയിൽ നിന്ന് തിരഞ്ഞെടുത്ത 5 ഹയർ സെക്കൻഡറി സ്കൂളുകളും എല്ലാ

........പേജ് 2

## എഡിറ്റോറിയൽ

# ദേശീയ പരിസ്ഥിതി സമ്മേളനം



പരിസ്ഥിതി പുനഃസ്ഥാപനം ലക്ഷ്യമിട്ട് ജലസുരക്ഷയും ശാസ്ത്രീയ മാലിന്യ സംസ്കരണവും ജൈവ കൃഷിയും അടിസ്ഥാനമാക്കി ഒട്ടേറെ നൂതന പദ്ധതികൾ സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുണ്ട്. അവയിൽ മിക്കതും ദേശീയ ശ്രദ്ധയും നേടിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രാജ്യത്താദ്യമായി ജലബജറ്റ്, നീർച്ചാലുകളെ ഡിജിറ്റൽ മാപിൽ അടയാളപ്പെടുത്തുന്ന മാപത്തോൺ, ഒരു പ്രത്യേക പ്രദേശത്ത് മാത്രമല്ല കേരളമാകെ വാതിൽപ്പടി അജൈവ മാലിന്യ ശേഖരണത്തിനുള്ള ഹരിതകർമസേന, ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തും തരിശുഭൂമിയിലും പച്ചപ്പൊരുക്കുന്ന പച്ചത്തുരുത്തുകൾ, 2050 ൽ നെറ്റ് സീറോ കാർബൺ കേരളം എന്ന അവസ്ഥയിലേക്കെത്താനുള്ള ക്യാമ്പയിൻ തുടങ്ങിയവയെല്ലാം ഇതിനുദാഹരണങ്ങളാണ്. ഈ പശ്ചാത്തലത്തിൽ ഹരിതകേരളം മിഷൻ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളെ മുൻനിർത്തി ദേശീയ പരിസ്ഥിതി സമ്മേളനം സംഘടിപ്പിക്കുകയാണ്. 2026 ഫെബ്രുവരി 23 മുതൽ 25 വരെ തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിലാണ് സമ്മേളനം. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഫെബ്രുവരി 23 ന് സമ്മേളനം ഉദ്ഘാടനം ചെയ്യും. ശുചിത്വം, മാലിന്യ സംസ്കരണം, ജലസുരക്ഷ, കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം, നെറ്റ് സീറോ കാർബൺ കേരളം, ഊർജം, കാലാവസ്ഥാ വ്യതിയാനം, പച്ചത്തുരുത്തുകൾ, മനുഷ്യ-വന്യമൃഗ സംഘർഷം തുടങ്ങിയ വിഷയങ്ങളിൽ 70 ലധികം പ്രബന്ധാവതരണങ്ങൾ സമ്മേളനത്തിൽ നടക്കും. അതിൻമേൽ പാനൽ ചർച്ച, വിദഗ്ധരുടെ പ്രതികരണം എന്നിവയും ഉണ്ടാകും. ഇതോടൊപ്പം 75-ലധികം സ്റ്റാളുകളിലായി പരിസ്ഥിതി പുനഃസ്ഥാപനം വിഷയമാക്കിയുള്ള പ്രദർശനവും ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ അവതരണവും പദ്ധതി ഗുണഭോക്താക്കളുടെ സംഗമവും സംഘടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി രംഗത്തെ വിദഗ്ധർ, ഗവേഷകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, മാധ്യമപ്രവർത്തകർ, ജനപ്രതിനിധികൾ, സംഘടനാ പ്രതിനിധികൾ, വകുപ്പു മേധാവികൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും.

സുസ്ഥിര പ്രകൃതി സൗഹൃദ വികസനമെന്ന സർക്കാർ നയത്തിനനുസൃതമായ പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നടത്തി വരുന്നത്. അതിന്റെ ഗുണഫലങ്ങൾ ഇപ്പോൾ പ്രകടമായി കാണാനും കഴിയും. ഇതിന്റെയൊക്കെ അടയാളപ്പെടുത്തലായിരിക്കും ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ദേശീയ പരിസ്ഥിതി സമ്മേളനം.

കേരളത്തിലെ പരിസ്ഥിതി പുനഃസ്ഥാപനത്തിൽ നെറ്റ് സീറോ കാർബൺ പ്രവർത്തനം നിർണ്ണായകമാണ്. അത്തരത്തിൽ 2031 ൽ കേരളത്തിന് ഒരു പ്രവർത്തന സമീപനം ഉണ്ടാക്കിയെടുക്കാനും ഈ സമ്മേളനം വഴി സാധിക്കും.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ലൈഫ് : പൂർത്തിയായ വീടുകളുടെ എണ്ണം 5 ലക്ഷം കടക്കും: മുഖ്യമന്ത്രി പിണറായി വിജയൻ



ലൈഫ് ഭവന പദ്ധതിയിലൂടെ പണികഴിഞ്ഞ 5 ലക്ഷം വീടുകൾ എന്ന നേട്ടം 2026 ഫെബ്രുവരിയിൽ തന്നെ പൂർത്തിയാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 4,76,076 വീടുകൾ ലൈഫ് വഴി പണി പൂർത്തിയാക്കി കൈമാറി. അത്രയും കുടുംബങ്ങളാണ് അടച്ചുറപ്പുള്ള വീടുകളിലേക്ക് താമസം മാറിയത്. 1,24,471 വീടുകളാണ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളത്. ജനങ്ങൾക്ക് അടിസ്ഥാന അവകാശങ്ങൾ ഉറപ്പുവരുത്തലാണോ അതല്ല, എല്ലാ ക്ഷേമപ്രവർത്തനങ്ങളിൽ നിന്നും പിൻവാങ്ങി സ്വകാര്യ മൂലധനത്തിന് വഴിമാറലാണോ ഒരു സർക്കാരിന്റെ കടമ എന്നത് ലോകത്താകെ പ്രസക്തവും മൗലികവുമായ ഒരു രാഷ്ട്രീയ ചോദ്യമാണ്. ആ ചോദ്യത്തെ സംസ്ഥാന സർക്കാർ അഭിസംബോധന ചെയ്തത് ലൈഫ് മിഷൻ പോലുള്ള സമഗ്രമായ ജനകീയ പദ്ധതികൾ വഴിയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

2026 ൽ ലോകത്തെ ഏറ്റവും വലിയ വെല്ലുവിളി ഭവനമില്ലായ്മയെ മറികടക്കലാണ് എന്ന് വിലയിരുത്തപ്പെടുന്നു. ലോകത്തിൽ അഞ്ചിൽ ഒരാൾ പാർപ്പിടമില്ലാതെ കഷ്ടപ്പെടുകയാണ്. ലോകത്ത് മതിയായ പാർപ്പിട സൗകര്യങ്ങൾ ഇല്ലാത്തവർ ഏകദേശം 160 കോടിയോളം വരുമെന്നാണ് കണക്ക്. ഒരു തുണ്ട് ഭൂമി ഇല്ലാത്തവർ മുതൽ സ്വന്തം ഭൂമിയിൽ തുടങ്ങിയ വീടുപണി പൂർത്തിയാക്കാൻ കഴിയാത്തവർ വരെ ഉൾപ്പെടുന്ന ഭവനരാഹിത്യം എന്ന പ്രശ്നത്തെ അതിന്റെ സമഗ്രതയിൽ അഭിസംബോധന ചെയ്യുകയാണ് ലൈഫ് പദ്ധതിയിലൂടെ സംസ്ഥാനം ചെയ്തത്.

പാർശ്വവത്കരിക്കപ്പെട്ടവരും ആലംബഹീനരുമായവരെ കണ്ടെത്തി അവർക്കാണ് ആദ്യം വീടുകൾ നിർമിച്ചുനൽകിയത്. മാനസിക വെല്ലുവിളി നേരിടുന്നവർ, ശാരീരിക അസ്വസ്ഥതകൾ ഉള്ളവർ, അഗതികൾ, ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, അവിവാഹിതരായ അമ്മമാർ, അപകടത്തിൽപ്പെട്ട് വരുമാനം കണ്ടെത്താൻ കഴിയാത്തവർ, വിധവകൾ ഇവർക്കൊക്കെയായിരുന്നു മുൻഗണനയെന്നു മുഖ്യമന്ത്രി പറഞ്ഞു.

## മെൻസ്ട്രുവൽ കപ്പ് വിതരണം..... (ഒന്നാം പേജ് തുടർച്ച)

സർക്കാർ കോളേജുകളും 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിൻ ഏറ്റെടുത്ത 152 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുമാണ് ആദ്യഘട്ട ഗുണഭോക്താക്കൾ.

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് ബിന്ദു, വെളിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. രേഖ, ജില്ലാ പഞ്ചായത്ത് മെമ്പർ കെ.എസ്. ഷിജുകുമാർ, ബ്ലോക്ക് മെമ്പർ ഷൈലജ രാജീവ്, മുട്ടറ വാർഡ് മെമ്പർ വിഷ്ണു രവീന്ദ്രൻ, മണികണ്ഠേശ്വരം വാർഡ് മെമ്പർ പത്മാവതിയമ്മ, നവകേരളം കർമപദ്ധതി-2 ജില്ലാ കോർഡിനേറ്റർ എസ്. ഐസക്ക്, മുട്ടറ സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ എസ്. ശ്രീനിവാസൻ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് സീനിയർ മാനേജർ രത്നാകർ ഗുപ്ത തുടങ്ങിയവർ പങ്കെടുത്തു.

## കുണ്ടറ താലൂക്ക് ആശുപത്രിയിലെ ബഹുനില മന്ദിരം മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു

കൊല്ലം കുണ്ടറ താലൂക്ക് ആശുപത്രിയിൽ കിഫ്ബിയുടെ 76.13 കോടി രൂപ ചിലവിൽ പൂർത്തിയാക്കിയ ഏഴുനില കെട്ടിടത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 50,000 കോടി രൂപയുടെ പശ്ചാത്തലസൗകര്യ വികസനമാണ് കിഫ്ബി മുഖേന ലക്ഷ്യമിട്ടത്. അഞ്ചു വർഷം പൂർത്തിയായപ്പോൾ 62000 കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുത്തു. നിലവിൽ 90,000 കോടി രൂപയുടെ പദ്ധതികളായി. വിദ്യാഭ്യാസ-ആരോഗ്യസ്ഥാപനങ്ങൾ, റോഡ്, പാലം, മേൽപാലങ്ങൾ, തുടങ്ങി എല്ലായിടത്തും സാക്ഷ്യപത്രങ്ങൾ കാണാം. മാറ്റങ്ങളുടെ പട്ടികയിൽ കുണ്ടറ താലൂക്ക് ആശുപത്രി മുന്നിലാണ്. എക്സ്-റേ, അൾട്രാസൗണ്ട്, സ്ത്രീ-പുരുഷ വാർഡുകൾ, ലബോറട്ടറി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങി അത്യാധുനിക സൗകര്യങ്ങളാണ് സജ്ജമാക്കിയിരിക്കുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. താലൂക്ക് ആശുപത്രി മുതൽ മെഡിക്കൽ കോളേജുകളിൽ വരെ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നു. നവജാത ശിശുക്കളുടെ മരണനിരക്ക് കുറഞ്ഞു. ആയുർദൈർഘ്യം വർദ്ധിച്ചു; മാതൃമരണനിരക്ക് കുറയ്ക്കാനായി. ലോകത്താകെ മാതൃകയാകുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ 10 വർഷങ്ങളായി നടപ്പാക്കുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയായി. എല്ലാ



ആരോഗ്യകേന്ദ്രങ്ങളിലും ആർദ്രം മിഷൻ വഴി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതായി പറഞ്ഞു. 1200 ലാബുകളെ 'ഹബ് ആൻഡ് സ്പോക്ക്' മാതൃകയിൽ ബന്ധിപ്പിച്ച്, 131 പരിശോധനകൾ വീടിനടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കാൻ 'നിർണയ' പദ്ധതി നടപ്പാക്കി. കൊട്ടാരക്കര, കരുനാഗപ്പള്ളി, നീണ്ടകര, പുനലൂർ താലൂക്ക് ആശുപത്രികളിൽ പുതിയകെട്ടിടങ്ങൾ. സൗജന്യചികിത്സ കൂടുതൽ നൽകുന്ന സംസ്ഥാനമായ കേരളം ആരോഗ്യ സൂചകങ്ങളുടെ മാനദണ്ഡങ്ങളിലും മുന്നേറുകയാണ് – മന്ത്രി വ്യക്തമാക്കി. ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ മുഖ്യാതിഥിയായി.

---

## പുതിയതായി 10 ലക്ഷം പേരെ വ്യായാമത്തിലേക്ക് എത്തിക്കും: മന്ത്രി വീണാ ജോർജ്

'വൈബ് 4 വെൽനസ്സ്' ക്യാമ്പയിനിലൂടെ പുതിയതായി പത്തുലക്ഷം പേരെ വ്യായാമത്തിലേക്ക് എത്തിക്കുമെന്ന് ആരോഗ്യവകുപ്പുമന്ത്രി വീണാ ജോർജ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. വ്യായാമം ചെയ്യുക, ആരോഗ്യകരമായ ഭക്ഷണം കഴിക്കുക, ആവശ്യത്തിന് ഉറങ്ങുക, ആരോഗ്യകരമായ ശീലങ്ങൾ വളർത്തുക എന്നിവയിലൂടെ രോഗമില്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ അത്ഭുതകരമായ വികസനമാണ് നടപ്പിലാക്കിയിട്ടുള്ളത്. രാജ്യത്തുതന്നെ ആദ്യമായി ജില്ലാ ആശുപത്രിയായ എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി ചരിത്രം കുറിച്ചു. ഹൃദയം മാറ്റിവെച്ച 21 വയസ്സുള്ള പെൺകുട്ടിയെ വെന്റിലേറ്ററിൽ നിന്ന് മാറ്റി, സുഖം പ്രാപിച്ചു വരുന്നത് സംസ്ഥാന ആരോഗ്യ മേഖലയുടെ അഭിമാന നിമിഷമാണെന്നും മന്ത്രി പറഞ്ഞു. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ ആയുർദൈർഘ്യമുള്ള (76 വയസ്സിന് മുകളിൽ) ജനങ്ങൾ ജീവിക്കുന്ന സംസ്ഥാനമാണ് കേരളം. ഈ നേട്ടം നിലനിർത്താനും ഭാവി തലമുറയുടെ ആരോഗ്യം ഉറപ്പാക്കാനുമാണ് 'വൈബ് ഫോർ വെൽനസ്' പോലുള്ള പദ്ധതികൾക്ക് സർക്കാർ തുടക്കം കുറിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.




## സ്കൂൾ ഹെൽത്ത് പ്രോഗ്രാം ആരംഭിക്കുന്നു: മന്ത്രി വീണാ ജോർജ്

ആരോഗ്യവകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സ്കൂൾ ഹെൽത്ത് പ്രോഗ്രാം ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പുമന്ത്രി വീണാ ജോർജ്. കുഞ്ഞുങ്ങൾ ആരോഗ്യത്തിന്റെ അംബാസഡർമാരായി മാറും. കുഞ്ഞുങ്ങളിൽ നിന്ന് വീട്ടിലേക്ക്, വീട്ടിൽ നിന്ന് നാട്ടിലേക്ക് എന്നുള്ളതാണ് ലക്ഷ്യം. ഓരോ കുഞ്ഞിനും ശാരീരികവും മാനസികവുമായിട്ടുള്ള ആരോഗ്യം ഉറപ്പാക്കി ശരീരത്തിന്റേയും മനസിന്റേയും ബുദ്ധിയുടേയും വളർച്ച ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇതോടൊപ്പം കുഞ്ഞുങ്ങൾക്ക് ഒരു ഹെൽത്ത് കാർഡ് ക്രമീകരിച്ചുകൊണ്ടായിരിക്കും ആരോഗ്യ കാര്യങ്ങൾ അവലോകനം ചെയ്യുകയെന്നും മന്ത്രി വ്യക്തമാക്കി. ദേശീയ വിര വിമുക്ത ദിനം പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന അധ്യക്ഷത വഹിച്ചു.

# പൊതുവിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ; മന്ത്രി വി. ശിവൻകുട്ടി

കണ്ണൂർ ജില്ലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും വിദ്യാകിരണം മിഷന്റെയും ഭാഗമായി 4 വിദ്യാലയങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് ഉയരുന്നു. നമ്മുടെ പൊതുവിദ്യാലയങ്ങൾ ഇന്ന് മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. ലക്ഷക്കണക്കിന് കുട്ടികൾ സർക്കാർ സ്കൂളുകളിലേക്ക് മടങ്ങിയെത്തുന്നത് ഈ സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിന് പൊതുസമൂഹം നൽകുന്ന ഉറച്ച പിന്തുണയുടെ



തെളിവാണെന്ന് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ പുതിയ സ്കൂൾ കെട്ടിടങ്ങൾ പൂർത്തീകരിച്ചതിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികളുടെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പുതിയ കെട്ടിടം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം അക്കാദമിക നിലവാരം ഉയർത്തുന്നതിനും വലിയ പ്രാധാന്യം നൽകുന്നു എന്നും മന്ത്രി പറഞ്ഞു. തളിപ്പറമ്പ് മണ്ഡലത്തിലെ ഗവ. മാപ്പിള യുപി സ്കൂളിൽ നിർമ്മിച്ച മനോഹരമായ പുതിയ കെട്ടിടം കുഞ്ഞുങ്ങൾക്കായി സമർപ്പിച്ചു. പാപ്പിനിശ്ശേരി ഇ.എം.എസ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമം നിർവഹിക്കുകയും ചെറുതാഴം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ 8 വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മയ്യിൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പുതിയ കെട്ടിട സമുച്ചയവും നാടിന് സമർപ്പിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നാം കൊണ്ടുവന്ന വിപ്ലവകരമായ മാറ്റങ്ങൾ മുന്നോട്ടുള്ള പ്രയാണത്തിന് ഊർജ്ജം നൽകുന്നുവെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

# പാമ്പാടി താലൂക്ക് ആശുപത്രിയിൽ 2.30 കോടി രൂപ അനുവദിച്ച് ആരംഭിച്ച ട്രോമ കെയർ ബ്ലോക്ക് നിർമ്മാണം പൂർത്തിയായി

കോട്ടയം പാമ്പാടി താലൂക്ക് ആശുപത്രിയിൽ 2.30 കോടി രൂപ അനുവദിച്ച് ആരംഭിച്ച ട്രോമ കെയർ ബ്ലോക്ക് നിർമ്മാണം പൂർത്തിയായി. സംസ്ഥാന സർക്കാരിന്റെ ആർദ്രം മിഷന്റെ



ഭാഗമായി കിഫ്ബിയിലൂടെ 1.96 കോടിയും 40 ലക്ഷം രൂപയും ചെലവഴിച്ച് പുതിയ ഒ.പി ബ്ലോക്ക് ഉദ്ഘാടനം ചെയ്തിരുന്നു. ഇത് കൂടാതെ ഡയാലിസിസും ആരംഭിക്കുകയാണ്. കിഫ്ബിയിലൂടെ 1.34 കോടി രൂപ ചെലവഴിച്ചാണ് ഡയാലിസിസ് യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നത്. സർക്കാർ ആശുപത്രികൾക്ക് പുറത്ത് ഒരു ഡയാലിസിസിന് 1500 മുതൽ 2000 രൂപ വരെ ചാർജ് ചെയ്യുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് സർക്കാർ ആശുപത്രികളിൽ സൗജന്യമായോ മിതമായ നിരക്കിലോ ഡയാലിസിസ് നടന്നത്. പാമ്പാടിയിൽ



ഡയാലിസിസ് ആരംഭിക്കുന്നതോടെ മെഡിക്കൽ കോളേജുകൾക്ക് പുറമെ 123 ആശുപത്രികളിൽ ഡയാലിസിസ് സൗകര്യമാകും. 2016 ൽ പത്തോളം സർക്കാർ ആശുപത്രികളിൽ മാത്രമുണ്ടായിരുന്ന ഡയാലിസിസ് സൗകര്യമാണ് 123 ലേക്ക് ഉയർന്നത്.

# പാലക്കുഴ സ്കൂളിൽ ജല ഗുണ നിലവാര പരിശോധനാ ലാബ്

എറണാകുളം പാലക്കുഴ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ജലഗുണനിലവാര പരിശോധനാ ലാബ് ഉദ്ഘാടനം ചെയ്തു. കേരള പുനർനിർമാണ പദ്ധതിയുടെ ഭാഗമായി പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെയാണ് ലാബ് പ്രവർത്തനം ആരംഭിച്ചത് .

പ്രിൻസിപ്പാൾ സിന്ധുഷ എസ്.എസ്. അധ്യക്ഷത വഹിച്ച യോഗത്തിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ സുരേഷ് എ.എ പദ്ധതി വിശദീകരണം നടത്തി. യോഗത്തിൽ അധ്യാപകരായ ബോബൻ ഫിലിപ്പ്, ഡോ. ലീമ ജോസ്, ഡോ.സ്നേഹ ബാലൻ എന്നിവർ സംസാരിച്ചു. ഈ പദ്ധതിയിലൂടെ പാലക്കുഴ ഗ്രാമപഞ്ചായത്തിലെ കിണറുകളിലെ വെള്ളം തികച്ചും



സൗജന്യമായി പരിശോധിക്കാൻ സാധിക്കുന്നു.

# നെന്മാറ ബ്ലോക്ക് ജലബജറ്റ് പ്രകാശനം ചെയ്തു

ഭാവിയിലെ ജലാധിഷ്ഠിത പ്രവർത്തനങ്ങൾക്കും പ്രളയം പോലെയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്നതിനും ജലസംരക്ഷണ പ്രവർത്തനങ്ങൾ പ്രയോഗികമാക്കുന്നതിനും സഹായകമാവുന്ന പാലക്കാട് നെന്മാറ ബ്ലോക്കിന്റെ "ജലബജറ്റ്" നെന്മാറ ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ പ്രകാശനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ദിനേഷ്. കെ സ്വാഗതം ആശംസിച്ചു. ജലബജറ്റ് റിപ്പോർട്ട് ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ പ്രേംദാസ്. എസ്.വി. അവതരിപ്പിച്ചു. യോഗത്തിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ മനോജ്. എം നന്ദി പറഞ്ഞു.



# ജീവിതശൈലീ രോഗ സാധ്യത വിലയിരുത്താനായി 'വൈബ് 4 വെൽനെസ് - സിറ്റിസെൻ വെബ് ടൂൾ'

ആരോഗ്യം ആനന്ദം - വൈബ് 4 വെൽനെസ് ക്യാമ്പയിനിന്റെ ഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ സംവിധാനം https://health.kerala.care പോർട്ടൽ ഉപയോഗിച്ച് ഓരോ വ്യക്തിക്കും സ്വന്തമായി അവരുടെ ആരോഗ്യ സ്ഥിതി വിലയിരുത്തി രോഗ സാധ്യതയെ കുറിച്ച് അവബോധം സൃഷ്ടിക്കാം. വാർഷിക ആരോഗ്യ പരിശോധനയ്ക്ക് ഉപയോഗിക്കുന്ന സമഗ്ര ആരോഗ്യ റിസ്ക് അസ്സെസ്മെന്റ് (CBAC) ചോദ്യാവലി തന്നെയാണ് ഈ സംവിധാനത്തിലും ഉപയോഗിച്ചിട്ടുള്ളത്. ഉയരത്തിനും തൂക്കത്തിനും അനുസരിച്ചുള്ള ശരിയായ ശാരീരിക അവസ്ഥ (BMI) തിരിച്ചറിയാനും അത് നൽകുന്ന സൂചനകൾ മനസ്സിലാക്കാനും വെബ് ടൂൾ സഹായിക്കുന്നു. ഇത് കൂടാതെ രക്ത സമ്മർദ്ദത്തിന്റെ അളവ് രേഖപ്പെടുത്തിയാൽ, അത് നോർമൽ ആണോ അതോ വിദഗ്ധ പരിശോധന ആവശ്യമാണോ എന്ന് ഉടനടി അറിയുകയും, ഫാസ്റ്റിംഗ് (FBS), പോസ്റ്റ് പ്രാണ്ടിയൽ (PPBS) തുടങ്ങിയ ഷുഗർ റീഡിംഗുകൾ നൽകുന്നതിലൂടെ നിങ്ങളുടെ പ്രമേഹ സാധ്യതകളും പോർട്ടലിലൂടെ സ്വയം വിലയിരുത്താം. ലളിതമായ ചോദ്യാവലിയിലൂടെ കാൻസർ സാധ്യത തിരിച്ചറിയുന്നതിനും പോർട്ടലിലൂടെ സൗകര്യമുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമായ ഈ വെബ് ടൂളിൽ വ്യക്തിഗത വിവരങ്ങൾ ഒന്നും തന്നെ ശേഖരിക്കുന്നില്ല. വീടിന് ഏറ്റവും അടുത്തുള്ള ജനകീയ ആരോഗ്യ കേന്ദ്രം എവിടെയാണെന്ന് എളുപ്പത്തിൽ കണ്ടെത്താനും ഇ ഹെൽത്ത് വഴി യുണീക് ഹെൽത്ത് ഐഡി സൃഷ്ടിക്കാനും ഇതിലൂടെ സാധിക്കും.

# പാറക്വാറിയിലെ ജലം കൃഷിയിടത്തിലേക്ക്



ജലസേചന മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനും ഊർജോത്പ്പാദനത്തിനും വെളിച്ചമായ 'കരീപ്ര മോഡലി'ന്റെ വിജയത്തെ തുടർന്ന് 30 ക്വാറികളിൽക്കൂടി പാറക്വാറി റീച്ചാർജിംഗ് പദ്ധതി നടപ്പിലാക്കും. സൗരോർജം വിനിയോഗിച്ച് ഹരിതകേരളം മിഷനുമായി ചേർന്നാണ് പദ്ധതി വ്യാപിപ്പിക്കുന്നത്. ക്വാറികളിലെ വെള്ളം ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കാൻ ബജറ്റിൽ സർക്കാർ തുക വകയിരുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ നടപ്പാക്കുന്ന കുളക്കട വെങ്ങൂർ പാറക്വാറിയിലും മെയ്‌ലിയം ക്വാറിയിലും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. രണ്ടാം ഘട്ടത്തിൽ ഏലൂർ, ഇളവരാകുഴി, നെട്ടുവന്നൂർ പഞ്ചായത്തിലെ കൊട്ടാരത്തല കൊഴുവന്നൂർ ക്വാറികളിലും പദ്ധതി ആരംഭിക്കും.

എറണാകുളം വെങ്ങൂർ ചില്ലംതാട് പാറ, തൃശൂർ വേലൂർ നമ്പിശൻ ക്വാറി, കണ്ണൂർ വെങ്ങാട് കാവിൻപിള്ള ക്വാറി എന്നിവയും ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ തിരുവനന്തപുരം പോത്തൻകോട്, പത്തനംതിട്ട ആറന്മുള, പന്തളം, കോട്ടയം കടുത്തുരുത്തി, പാമ്പാടി, കങ്ങഴ, നെടുങ്കുന്നം, എറണാകുളം പൈങ്ങോട്ടൂർ, തൃശൂർ കടങ്ങോട്, പാലക്കാട് കണ്ണമ്പ്ര, തൃത്താല, കോഴിക്കോട് മേപ്പയ്യൂർ, വയനാട് അമ്പലവയൽ, മലപ്പുറം പുളിക്കൽ, എടവണ്ണ, കണ്ണൂർ കിഴല്ലൂർ, കാസർകോട് മടിക്കൈ, നീലേശ്വരം എന്നിവിടങ്ങളിലും നടപ്പാക്കും.

# പച്ചത്തുരുത്തിലേക്ക് ഒരു പഠനയാത്ര

കണ്ണൂർ സെൻട്രൽ ജയിലിലെ സ്നേഹവനം ടീ മ്യൂസിയം പച്ചത്തുരുത്തിലേക്ക് പഠനയാത്ര നടത്തി പാപ്പിനിശ്ശേരി ഇ.എം.എസ്. ഹൈസ്കൂളിലെ എസ്.പി.സി. വിദ്യാർത്ഥികൾ. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലാണ് എസ്.പി.സി. ക്രിസ്മസ് ക്യാമ്പിന്റെ ഭാഗമായി 80 സ്റ്റുഡന്റ് പോലീസ് കേഡറ്റുകളും അധ്യാപകരും പച്ചത്തുരുത്തിലേക്ക് എത്തിയത്. പൂത്തുനിന്ന കായമ്പൂവും, കൊക്കം കായ്കളും, കിലുക്കി ചെടിയിലെ പൂമ്പാറ്റകളും, കർപ്പൂരവും, സർവ്വസുഗന്ധിയും, നീർമാതളവും എല്ലാം കുട്ടികൾക്ക് പുത്തൻ അനുഭവങ്ങൾ ആയിരുന്നു. പരിപാടി കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് കെ. വേണു ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ മുഖ്യ അതിഥിയായിരുന്നു. അസിസ്റ്റൻറ് സൂപ്രണ്ട് പിടി സന്തോഷ്, പ്രിസൺ ഓഫീസർമാരായ എ.കെ. ഷിനോജ്, ബൈജു, ബിജിത്ത്, ഹരിതകേരളം മിഷൻ കണ്ണൂർ ബ്ലോക്ക് കോർഡിനേറ്റർ ശ്രീരാഗ് രമേശ്, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ



സുമിൽ എന്നിവർ കുട്ടികൾക്ക് ക്ലാസുകൾ എടുത്തു. പച്ചത്തുരുത്തും ശലഭോദ്യാനവും സന്ദർശിച്ച ശേഷം വിദ്യാർത്ഥികൾ ജയിൽ കോമ്പൗണ്ടിന് പുറത്തുള്ള പപ്പായ, തണ്ണിമത്തൻ കൃഷിയിടങ്ങളും ജയിലിലെ ഹരിതസ്പർശം പ്രവർത്തനത്തിന്റെ ഭാഗമായ സുഗന്ധ വീഥി ക്യാമ്പയിന്റെ മുല്ല ചെടികളും സന്ദർശിച്ചു. പഠനയാത്രയ്ക്ക് വളപട്ടണം പോലീസ് സബ് ഇൻസ്പെക്ടർ, പാപ്പിനിശ്ശേരി പഞ്ചായത്ത് RP ശ്രീശൻ, എസ്.പി.സി. ചാർജ് ഉള്ള അധ്യാപകർ എന്നിവർ നേതൃത്വം നൽകി.

# ഗ്രാമ ദീപം വായനശാല ഹരിത ഗ്രന്ഥശാലയായി

കണ്ണൂർ ഇരിട്ടി പായം പഞ്ചായത്ത് വട്ടിയറ വാർഡിലെ ചെന്നലോട് ഗ്രാമ ദീപം വായനശാല & ഗ്രന്ഥാലയം ഹരിത ഗ്രന്ഥശാലയായി. ശുചിത്വ മാലിന്യ സംസ്കരണ പരിപാലനം ശാസ്ത്രീയമായി നടത്തുന്നതിന്റെയും പരിസ്ഥിതി



സംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകത ജനങ്ങളിൽ എത്തിക്കുന്നതിന്റെയും ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്ന ഗ്രന്ഥശാലകളെയാണ് ഹരിത ഗ്രന്ഥശാലയായി പ്രഖ്യാപിച്ച് സാക്ഷ്യപത്രം നൽകുന്നത്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ തുടർ പ്രവർത്തനത്തിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നത്. ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തുന്നതിന് വായനശാലകളെ പ്രേരിപ്പിക്കുന്നതിന് ലൈബ്രറി കൗൺസിലിന്റെ സഹായത്തോടെയാണ് ഹരിത ഗ്രന്ഥശാലയാക്കുന്നത്. ഹരിതകേരളം മിഷൻ ഇരിട്ടി ബ്ലോക്ക് കോർഡിനേറ്റർ ജയപ്രകാശ് പന്തക്ക പദ്ധതി വിശദീകരണം നടത്തി.

# ഗ്രീൻ ഡയലോഗ് ജില്ലാതല ഉദ്ഘാടനം തൃക്കാക്കര ബോസ്റ്റൽ സ്കൂളിൽ സംഘടിപ്പിച്ചു

ഹരിതകേരളം മിഷന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന പരിസ്ഥിതി ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഗ്രീൻ ഡയലോഗിന്റെ എറണാകുളം ജില്ലാതല ഉദ്ഘാടനം തൃക്കാക്കര ബോസ്റ്റൽ സ്കൂളിൽ തൃക്കാക്കര മുനിസിപ്പാലിറ്റി ചെയർമാൻ റാഷിദ് ഉള്ളംപള്ളി നിർവഹിച്ചു. തൃക്കാക്കര ബോസ്റ്റൽ സ്കൂൾ ഹരിത സ്ഥാപനമായി മാറ്റുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ ബോസ്റ്റൽ സ്കൂൾ സൂപ്രണ്ട് അജു ആർ.വി. അധ്യക്ഷത വഹിച്ചു.തൃക്കാക്കര മുൻസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ അഡ്വ. ഷെറീന ഷുക്കൂർ മുഖ്യാതിഥിയായി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്., കൗൺസിലർ റെനി തോമസ്, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ രമ്യമോൾ എം.കെ., ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ ദീപു ടി.എസ്., ബോസ്റ്റൽ സ്കൂൾ അധ്യാപകൻ ഹരിശങ്കർ ഡി.എസ്. എന്നിവർ സംസാരിച്ചു. ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ സുരേഷ് തുരുത്തിക്കര മാലിന്യ പരിപാലനവും ഹരിതസ്ഥാപനവും എന്ന വിഷയത്തിലും, അജൈവ പാഴ്വസ്തുക്കൾ തരംതിരിക്കുന്നതിന്റെ പ്രായോഗികതയിലും പരിശീലനം നൽകി. ഹരിത കർമസേനാ രൂപീകരണവും നടന്നു.



# കാസർഗോഡ് 15 സ്ഥാപന ങ്ങൾ നെറ്റ് സീറോ നെഗറ്റീവ് സ്റ്റാറ്റസ് പദവിയിലേക്ക്



നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായുള്ള സ്ഥാപനതല സർവ്വെ പിലിക്കോട്, മടിക്കൈ, ബേഡഡുക്ക, കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയായി. കാസർഗോഡ് ജില്ലയിൽ 12 ഗ്രാമപഞ്ചായത്തുകളാണ് നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെട്ടിട്ടുള്ളത്. ഹരിതസ്ഥാപനങ്ങളായ സർക്കാർ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, അങ്കണവാടികൾ കോളേജുകൾ എന്നിവിടങ്ങളിലാണ് സർവ്വെ ചെയ്യുന്നത്. കാർബൺ ആഗിരണം, കാർബൺ പുറന്തള്ളൽ എന്നിവയുടെ തോത് കണക്കാക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഹരിതകേരളം മിഷൻ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് സർവ്വെ നടത്തുന്നത്. സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണം, വെള്ളം, കൃഷി, ഊർജ്ജം, ഗതാഗതം, പച്ചത്തുരുത്ത്, വൃക്ഷവത്കരണം തുടങ്ങിയ വിവരങ്ങളാണ് ശേഖരിക്കുന്നത്. ലഭിക്കുന്ന വിവരങ്ങളിൽ നിന്ന് കാർബണിന്റെ ആഗിരണവും പുറംതള്ളലും കണക്കാക്കുന്നു. ഹരിതകേരളം മിഷൻ ഇന്റേൺസിന്റെയും ബ്ലോക്ക് കോർഡിനേറ്റർമാരുടെയും നേതൃത്വത്തിലാണ് സർവ്വെ ചെയ്യുന്നത്. വിദ്യാലയങ്ങളിലും കോളേജുകളിലും വിദ്യാർത്ഥികളുടെ സഹകരണവും സർവ്വെക്ക് ലഭ്യമായിട്ടുണ്ട്. 231 സ്ഥാപനങ്ങളിൽ ഇതുവരെ സർവ്വെ നടത്തി. ആദ്യഘട്ട സർവ്വെയിൽ 2 സ്ഥാപനങ്ങളും തുടർന്ന് നടത്തിയ സർവ്വെയിൽ 13 സ്ഥാപനങ്ങളുമാണ് നെറ്റ് സീറോ നെഗറ്റീവ് പദവി കൈവരിച്ചിട്ടുള്ളത്.

നിലവിൽ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിച്ച സ്ഥാപനങ്ങളിൽ സുസ്ഥിരത നിലനിർത്താനുള്ള നിർദ്ദേശങ്ങൾ നൽകിയും മറ്റു സ്ഥാപനങ്ങളിൽ സോളാർ സ്ഥാപിച്ചും പച്ചത്തുരുത്ത് വൃക്ഷവത്കരണം നടത്തിയും നെഗറ്റീവ് സ്റ്റാറ്റസിലേക്ക് എത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വെ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് തലത്തിൽ അവതരിപ്പിക്കും.

# ഹരിതകേരളം മിഷൻ റീൽ, ഫോട്ടോഗ്രാഫി മത്സരങ്ങൾ സംഘടിപ്പിക്കുന്നു

ഹരിതകേരളം മിഷൻ ദേശീയ പരിസ്ഥിതി സമ്മേളനത്തിന്റെ ഭാഗമായി സംസ്ഥാനതല സ്റ്റിൽ ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. സംസ്ഥാനതലത്തിൽ വിജയികൾ ആകുന്നവർക്ക് ക്യാഷ് അവാർഡ് ലഭിക്കുന്നതാണ്.

മത്സരത്തിൽ ഒരാൾക്ക് 3 എൻട്രികൾ അയക്കാവുന്നതാണ്. അയക്കുന്ന ഫോട്ടോകളിൽ മത്സരാർത്ഥിയെ തിരിച്ചറിയാനുള്ള അടയാളങ്ങൾ (വാട്ടർമാർക്ക് ഉൾപ്പെടെ) ഉണ്ടാകാൻ പാടില്ല.

കൃത്രിമ ഫോട്ടോകൾ എൻട്രിയായി സ്വീകരിക്കുന്നതല്ല. ഫോട്ടോകളിൽ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള അതിവിദഗ്ധ എഡിറ്റിംഗും അനുവദനീയമല്ല. എന്നാൽ അത്യാവശ്യം വേണ്ടുന്ന ക്രോപ്പിംഗ്, നിറവ്യതിയാനം എന്നിവ യഥാർത്ഥ ഫോട്ടോയുടെ ആധികാരികതയും വിശ്വാസ്യതയും ഹനിക്കാതെ നടത്താവുന്നതാണ്. മത്സരത്തിൽ സർക്കാർ വകുപ്പുകളിലോ തദ്ദേശ സ്ഥാപനങ്ങളിലോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ ഫോട്ടോഗ്രാഫറായി ജോലി ചെയ്യുന്നവർക്കും പത്ര ഫോട്ടോഗ്രാഫർമാർക്കും പങ്കെടുക്കാൻ അർഹതയില്ല. അയക്കുന്ന ഓരോ ഫോട്ടോയ്ക്കും അനുയോജ്യമായ ശീർഷകവും ഫോട്ടോയെ സംബന്ധിക്കുന്ന സാഹചര്യം, സ്ഥലം എന്നിവയും നൽകേണ്ടതാണ്. മത്സരത്തിന് എൻട്രിയായി ലഭിക്കുന്ന ഫോട്ടോകൾ ഹരിതകേരളം മിഷന് നിയന്ത്രണ വിധേയമായി ഉപയോഗിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്. സമ്മാനർഹമായ ചിത്രങ്ങളുടെ ഒറിജിനൽ ഫയൽ ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്. അവാർഡുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം ഹരിതകേരളം മിഷന്റേതായിരിക്കും.

ഹരിതകേരളം മിഷൻ ദേശീയ പരിസ്ഥിതി സമ്മേളനത്തിന്റെ ഭാഗമായി സംസ്ഥാനതല റീൽസ് മത്സരം സംഘടിപ്പിക്കുന്നു. സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന റീലുകൾക്ക് ക്യാഷ് അവാർഡ് ലഭിക്കുന്നതാണ്. മത്സരത്തിലേക്ക് അയക്കുന്ന റീൽസ് വെർട്ടിക്കലായി 9:16 റേഷ്യോവിൽ 90 സെക്കന്റിൽ കൂടാത്ത വിധം വേണം ഷൂട്ട് ചെയ്യാൻ. ക്യാമറയോ മൊബൈൽ ഫോണോ ഉപയോഗിച്ച് റീൽസ് ഷൂട്ട് ചെയ്യാവുന്നതാണ്. റീലുകൾ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്ത് ഹരിതകേരളം മിഷനെ ടാഗ് ചെയ്യണം. #hkmsummit ഹാഷ് ടാഗിൽ വേണം അവരവരുടെ പേജിൽ പോസ്റ്റ് ചെയ്യാൻ. ഹരിതകേരളം മിഷൻ തെരഞ്ഞെടുക്കുന്ന പ്രത്യേക ജൂറി ആയിരിക്കും മികച്ച റീലുകളെ തെരഞ്ഞെടുക്കുക. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. റീൽസുകളിൽ കുറ്റകരമോ അപകീർത്തികരമോ വെറുപ്പുളവാക്കുന്നതോ ആയ ഉള്ളടക്കം ഉണ്ടാകാൻ പാടുള്ളതല്ല.

ഹരിതകേരളം മിഷൻ വെബ്സൈറ്റിൽ സജ്ജമാക്കുന്ന പ്രത്യേക ഓൺലൈൻ സംവിധാനം വഴി ഫെബ്രുവരി 5 മുതൽ എൻട്രികൾ അയക്കാം.

# ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഹരിത സമൃദ്ധി പഞ്ചായത്ത് പ്രഖ്യാപനം

സമ്പൂർണ്ണ ഹരിതസമൃദ്ധി പഞ്ചായത്ത് പ്രഖ്യാപനം സംഘടിപ്പിച്ച് കോഴിക്കോട് ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്. വീടുകളിൽ വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ സഹായത്തോടെ കൃഷിഭവൻ നടപ്പിലാക്കുന്ന സമ്പൂർണ ഹരിത സമൃദ്ധി പഞ്ചായത്ത് പ്രവർത്തനത്തിന്റെ പ്രഖ്യാപനം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ചു. വാർഡ് 3 ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രഖ്യാപനം നടത്തി. കൃഷി ഓഫീസർ ശുഭശ്രീ ഹരിത സമൃദ്ധി വാർഡ് പദ്ധതി വിശദീകരണം നടത്തി. ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ കൃഷ്ണപ്രിയ, സി.ഡി.എസ്. ചെയർപേഴ്സൺ സജിഷ എന്നിവർ ആശംസകൾ അറിയിച്ചു. അസിസ്റ്റന്റ് കൃഷി ഓഫീസർ ജയരാജൻ ചടങ്ങിന് നന്ദി പറഞ്ഞു. 17 വാർഡുകളിലെ 7500 ഓളം വീടുകളിലായി വിവിധ ഘട്ടങ്ങളിലായി 14516 തൈകളും 58950 വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്.





# റാഗി സമൃദ്ധിയിൽ കുഞ്ചിപ്പെട്ടികുടി

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പതിറ്റാണ്ടുകൾക്ക് ശേഷം നെൽകൃഷി വീണ്ടെടുത്ത ഇടുക്കി അടിമാലി കുഞ്ചിപ്പെട്ടികുടിയിൽ ഇപ്രാവശ്യം സമൃദ്ധമായി വിളഞ്ഞ് റാഗി കൃഷി. ഗോത്ര വിഭാഗത്തിന്റെ പരമ്പരാഗത കാർഷികവിളയായിരുന്ന റാഗി 30 വർഷങ്ങൾക്ക് ശേഷമാണ് കുഞ്ചിപ്പെട്ടികുടിയിൽ വീണ്ടും കൃഷി ചെയ്തത്. പാടശേഖരത്തിന് ചേർന്നുള്ള വരമ്പുകളിൽ ആയിട്ടാണ് കൃഷി സാധ്യമാക്കിയത്. ഇതിനോടൊപ്പം ചോളം, മധുരക്കിഴങ്ങ്, പയർ, പച്ചക്കറികൾ എന്നിവയും വരമ്പുകളിൽ ഇപ്രാവശ്യം കൃഷി ചെയ്തിരുന്നു. കൃഷി വിജ്ഞാൻകേന്ദ്രയിൽ നിന്നും ഇപ്പോഴും നെൽകൃഷി തുടർന്നു കൊണ്ടുവരുന്ന മറ്റു മുതുവാൻ കുടികളിൽ നിന്നുമാണ് കർഷകർ വിത്ത് ശേഖരിച്ചത്. ഏകദേശം ഒരേക്കറോളം സ്ഥലത്ത് ഈ വർഷം റാഗി കൃഷി ചെയ്തു. വിളവെടുപ്പ് പൂർത്തിയായതോടെ വർഷങ്ങൾക്കുശേഷം തങ്ങളുടെ സംസ്കാരവുമായി ഏറെ ബന്ധപ്പെട്ട റാഗി സമൃദ്ധമായി ലഭിച്ചതിന്റെ സന്തോഷത്തിലാണ് കുടിയിലെ നിവാസികൾ.

# കട്ടമുടിയിൽ കൊയ്ത്തുത്സവം സംഘടിപ്പിച്ചു

ഇടുക്കി അടിമാലി ഗ്രാമപഞ്ചായത്തിലെ മുതുവാൻ ആദിവാസി ഉന്നതിയായ കട്ടമുടിയിൽ കൊയ്ത്തുത്സവം സംഘടിപ്പിച്ചു. 3 പതിറ്റാണ്ടുകളായി തരിശ് കിടന്നിരുന്ന പാടശേഖരം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ അടിമാലി കൃഷി ഭവന്റെയും ഗ്രാമപഞ്ചായത്തിന്റെയും ഏകോപനത്തിലൂടെയാണ് കൃഷിയോഗ്യമാക്കിയത്. പ്രദേശത്തെ കർഷകർ സംഘടിച്ച് പുതിയ പാടശേഖരസമിതി രൂപീകരിച്ചു കൊണ്ട് കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു. പൂർണ്ണമായും മനുഷ്യാധ്വാനത്താൽ ഈ തരിശു ഭൂമികൾ കൃഷിയോഗ്യമാക്കിയതിലൂടെ ഈ വർഷം 29 കർഷകർ 12 ഏക്കറിൽ നെൽകൃഷി തിരിച്ചുകൊണ്ടുവന്നു. കൃഷിവകുപ്പിന്റെ പ്രകൃതി കൃഷി പദ്ധതിയിലേക്ക് പ്രദേശം തെരഞ്ഞെടുക്കുകയും പൂർണ്ണമായും പ്രകൃതി കൃഷി രീതികൾ അവലംബിച്ചാണ് ഇപ്രാവശ്യം നെൽകൃഷി ചെയ്തത്. എ. രാജ എം.എൽ.എ. ഉദ്ഘാടനം ചെയ്ത കൊയ്ത്തുത്സവത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, വിവിധ വകുപ്പ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. അടിമാലി ഗ്രാമപഞ്ചായത്തിലെ തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി തിരിച്ചു കൊണ്ടുവരുന്ന പ്രവർത്തനങ്ങളിൽ 2023 ലാണ് ഹരിതകേരളം മിഷൻ സജീവമായി ഇടപെടൽ ആരംഭിക്കുന്നത്. അന്ന് 7 ഏക്കറിൽ മാത്രം നെൽകൃഷി ഉണ്ടായിരുന്ന സ്ഥാനത്ത് 2 വർഷംകൊണ്ട് 55 ഏക്കറിലേക്ക് അടിമാലി ഗ്രാമപഞ്ചായത്തിലെ നെൽകൃഷി വർദ്ധിപ്പിച്ചു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Archana Shaji, Young Professional | Vivek Vinod, Technical Assistant | Hanna Rubin J S, Intern | Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246